LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വകുപ്പിൽ നിന്നും 6-10-2015-ലെ ഉത്തരവിന്മേലുള്ള നടപടികൾ

247 (3759) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ നിന്നും 6-10-2015 ൽ ഇറക്കിയിട്ടുള്ള 2511/2015 നമ്പർ ഉത്തരവിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനായി എറണാകുളം ജില്ലയിലെ പോലീസുകാർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കാർ ഉത്തരവിനെ തുടർന്ന് പാലക്കാട് ജില്ലയിലെ 29 സിവിൽ പോലീസ് ഓഫീസർമാരുടെ സീനിയോറിറ്റി പുനക്രമീകരിച്ച് നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാലക്കാട് ജില്ലയിലെ 29 സിവിൽ പോലീസ് ഓഫീസർമാർ ഫയൽ ചെയ്ത OA (EKM) No. 50/2015- ന്മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് സർക്കാർ ടി ഉത്തരവിറക്കിയിട്ടുള്ളത്. ആയതിനാൽ ടി ഉത്തരവിലെ നിർദ്ദേശങ്ങൾ മറ്റ് ജില്ലകളിലും നടപ്പിലാക്കുന്നതിന്റെ പ്രായോഗികത വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

കൊട്ടാരക്കര ഫയർ സ്റ്റേഷന് ലഭ്യമാക്കിയ ഉപകരണങ്ങൾ

248 (3760) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര ഫയർ സ്റ്റേഷന് എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കാര്യക്ഷമമായ നടത്തിപ്പിനായി എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു;

(സി) പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിലയത്തിന് അനുവദിച്ചനൽകിയ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ഉപകരണം	എണ്ണം
(1)	(2)	(3)
1	ഡെലിവറി ഹോസ്	14
2	ബാറ്ററി 13 പ്ലേറ്റ്	1
3	സേഫ്റ്റി ബെൽറ്റ്	7
4	ചെയിൻ സാ	3
5	ബാറ്ററി 19 പ്ലേറ്റ്	1
6	ബാറ്ററി 25 പ്ലേറ്റ്	1
7	ലൈഫ് ജാക്കറ്റ്	9
8	കെമിക്കൽ ഗോഗിൾസ്	8
9	ഗം ബൂട്ട്	20
10	എയർ ലിഫ്റ്റിംഗ് ബാഗ് കിറ്റ്	1
11	ലൈഫ്ബോയ്	8
12	ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ്	3
13	ഫ്ളോട്ട് പമ്പ്	1
14	സേഫ്റ്റി ഷൂ	20
15	സീറോ ടോർക്ക് നോസിൽ	1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
16	കട്ടിൽ (തടി)	6
17	ഫയൽ റാക്ക്	3
18	റെയിൻ കോട്ട്	28
19	ആംബുലൻസ്	1
20	റോപ്	1 റോൾ
21	പോർട്ടബിൾ പമ്പ്	1
22	സ്റ്റൂച്ചർ	2
23	അലൂമിനിയം സ്യൂട്ട്	1
24	സേഫ്റ്റി ഗ്ലൗസ്	10
25	ചെയർ	4
26	ഡെസ്ക്	1
27	ബെഞ്ച്	1
28	സ്റ്റൂൾ	2

(ബി)	1.	മൊബൈൽ ടാങ്ക് യൂണിറ്റ്	1
	2.	എമർജൻസി റെസ്ക്യൂ ടെണ്ടർ	1
	3.	സേർച്ച് ലൈറ്റ്	2
	4.	സ്പോട്ട് ലൈറ്റ്	1
	5.	ഇൻഫ്ളേറ്റഡ് ടവ്വർ ലൈറ്റ്	1
	6.	ചെയിൻ സാ	1
	7.	അണ്ടർ വാട്ടർ സേർച്ച് ലൈറ്റ്	1
	8.	നൈഫ്	1
	9.	മോട്ടോർ ബൈക്ക് (വിത്ത് വാട്ടർ മിസ്റ്റ്)	1

LIBRARY ARCHIVES Kerala Legislative Assembly

(സി) 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം വാങ്ങുന്ന മുറയ്ക്ക് കൊട്ടാരക്കര നിലയത്തിനും ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ്.

വി. എ. അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം

249 (3761) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി.സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ മകൻ വി.എ.അരുൺ കുമാറിനെതിരെ വിജിലൻസ് വകുപ്പ് നടത്തുന്ന വി.ഇ.4/2011/എസ്.സി.റ്റി, വി.ഇ.20/2011/എസ്.ഐ.യു-II എന്നീ നമ്പരുകളിലുള്ള കേസുകളുടെ നാളിതുവരെയുള്ള അന്വേഷണത്തിന്റെ പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) വി.എ.അരുൺ കുമാറിനെതിരെ 16-6-2011- ലെ ജി.ഒ.(എം.എസ്) 19/2011/വി.ജി.നമ്പർ പ്രകാരം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസിലെ പരാതിക്കാരനായ മുഖ്യമന്ത്രിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയോ എന്ന വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി)

1. വി.ഇ. 4/2011/എസ്.സി.റ്റി.: 16.06.2011 തീയതിയിലെ ജി.ഒ. (എം.എസ്) 19/2011/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. വി. എ. അരുൺ കുമാറിനെതിരെ വിജിലൻസ് ഡയറക്ടർ നടത്തുന്ന വി. ഇ. 4/2011/എസ്.സി.റ്റി.-യിൽ അന്വേഷണം അന്തിമഘട്ടത്തിലാണ്.

2. വി.ഇ. 20/2011/എസ്.ഐ.യു. II: സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ 20-9-2011 തീയതിയിലെ 7967/ഇ 3/2011/വിജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് അന്വേഷണത്തിന് ഉത്തരവാകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വി. എ. അരുൺ കുമാറിനെതിരെ വി.ഇ. 20/2011/എസ്.ഐ.യു.-II-ൽ വിജിലൻസ് ഡയറക്ടർ അന്വേഷണം നടത്തുകയും 6-6-2012 തീയതിയിലെ T1(VE

LIBRARY ARCHIVES Kerala Legislative Assembly